പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2377</u> <u>01.04.2013-ൽ മറുപടിക്ക്</u>

## <u>ആരോഗ്യ സർവ്വകലാശാലയിലെ പുതിയ കോളേജുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. അൻവർ സാദത്ത് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരള ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം എത്ര പുതിയ കോളേജുകൾ അനുവദിക്കുകയുണ്ടായി ; | (എ) 50 കോളേജുകൾ |
| (ബി) നിലവിലുണ്ടായിരുന്ന കോളേജുകളിൽ എത്ര പുതിയ കോഴ്സുകൾ അനുവദിക്കുകയും നിലവിലുണ്ടായിരുന്ന കോഴ്സുകളിൽ എത്ര അധിക സീറ്റുകൾ അനുവദിക്കുകയും ചെയ്തു ; | (ബി) കേരള ആരോഗ്യ സർവ്വകലാശാല നിലവിൽ വന്നതിനുശേഷം നിലവിലുണ്ടായിരുന്ന കോളേജുകളിൽ 368 പുതിയ കോഴ്സുകൾ അനുവദിക്കുകയും നിലവിലുണ്ടായിരുന്ന കോഴ്സുകളിൽ 48 അധിക സീറ്റുകൾ അനുവദിക്കുകയും ചെയ്തു. |
| (സി) ഇതിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ; | (സി) ആരോഗ്യ സർവ്വകലാശാലയിലെ സ്ഥാപനങ്ങളുടെ അഫിലിയേഷനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:<br>1. സർവ്വകലാശാല വെബ്സൈറ്റിലൂടെ പുതിയ കോഴ്സുകൾക്കും കോളേജുകൾക്കും അപേക്ഷ ക്ഷണിക്കുന്നു.<br>2. അപേക്ഷ യഥാവിധമാണോ എന്ന് പരിശോധിച്ചതിനുശേഷം ഒരു പരിശോധനാ വിഭാഗത്തെ (മുഖ്യമായും സർക്കാർ കോളേജുകളിൽ നിന്നും) ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് അയക്കുന്നു.<br>3. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസിലർ കണ്ടിന്യൂ ഓഫ് അഫിലിയേഷൻ നൽകുന്നു.<br>4. തുടർന്ന് അതാത് സ്റ്റാറ്റ്യൂട്ടറി കൗൺസിലുകളുടെ അംഗീകാരത്തിന്റെയും സർക്കാരിന്റെയും എൻ.ഒ.സി.യുടെയും അടിസ്ഥാനത്തിൽ ഗവേണിംഗ് കൗൺസിൽ പ്രൊവിഷണൽ അഫിലിയേഷൻ നൽകുന്നു. |

| | |
|---|---|
| (ഡി) അനുമതി നൽകുന്നതിന് മുൻപ് പരിശോധനകൾ നടത്തിയിരുന്നോ ; പരിശോധനാ ഫലങ്ങൾ പരിഗണിക്കാതെയും മറികടന്നും എന്ന് അനുമതി നൽകി ; | (ഡി) പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സാധാരണയായി പുതിയ കോഴ്സുകൾക്കും കോളേജുകൾക്കും അനുമതി നൽകാറുള്ളത്. |
| (ഇ) സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെ നിർദ്ദേശപ്രകാരം നിലവിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിക്കുകയാണെങ്കിൽ പുതിയതായി ആരംഭിച്ച എത്ര കോളേജുകൾ അയോഗ്യരാകും, വിശദമാക്കുമോ ; | (ഇ) 15.11.2012-ൽ ചേർന്ന അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ 01.12.2012-ൽ കൂടിയ ഗവേണിംഗ് കൗൺസിൽ അംഗീകരിക്കുകയുണ്ടായി. പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും ഈ തീരുമാനപ്രകാരമുള്ള യോഗ്യതകൾ ഉണ്ടെങ്കിൽ മാത്രമേ അഫിലിയേഷൻ നൽകുകയുള്ളൂ. മുൻപ് അഫിലിയേഷൻ നൽകിയ കോളേജുകളുടെ കാര്യം പരിശോധിച്ചുവരുന്നു. |
| (എഫ്) കേരള ആരോഗ്യ സർവ്വകലാശാലയുടെ അഫിലിയേഷനുള്ള എത്ര കോളേജുകൾ കേരള സർക്കാർ അടച്ചുപൂട്ടിയിട്ടുണ്ട് ; | (എഫ്) & (ജി) പരിമിതമായ അടിസ്ഥാന സൗകര്യങ്ങളും യോഗ്യതയുള്ള അദ്ധ്യാപകരുടെ അഭാവവും കണക്കിലെടുത്ത് 2 കോളേജുകളിൽ 2011-12 അദ്ധ്യായന വർഷം മുതൽ പ്രവേശനം നിരോധിച്ചിട്ടുണ്ട്. |
| (ജി) പ്രസ്തുത കോളേജുകൾ അടച്ചു പൂട്ടുന്നതിന് എന്തായിരുന്നു കാരണങ്ങൾ ; വിശദമാക്കുമോ ; | |
| (എച്ച്) സർക്കാർ നടപടിക്കുമുമ്പ് പ്രസ്തുത കാരണങ്ങൾ ആരോഗ്യ സർവ്വകലാശാലയുടെ ശ്രദ്ധയിൽ വന്നിരുന്നുവോ ; എങ്കിൽ എന്ത് നടപടികളാണ് സർവ്വകലാശാല സ്വീകരിച്ചത് ? | (എച്ച്) പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റിയിൽ സർവ്വകലാശാലാ പ്രതിനിധി അംഗമായിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത കോളേജുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ